# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ബി1/33870/2020/ സംതി.ക.

തീയതി : 06.12.2020

## <u>സർക്കുലർ</u>

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-പൊതുതിരഞ്ഞെടുപ്പ് 2020 –
വോട്ടെണ്ണലുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

1) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടെണ്ണൽ ഡിസംബർ 16-ാം തീയതി രാവിലെ 8 മണി മുതലാണ് ആരംഭിക്കുന്നത്.

2) വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത് ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ബ്ലോക്ക് തലത്തിലുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങളും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളുമാണ്.

3) ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് അതാത് സെക്രട്ടറിമാരുമാണ് ഏർപ്പാടാക്കേണ്ടത്.

4) വോട്ടെണ്ണൽ പുരോഗതി അപ്പപ്പോൾ തന്നെ കമ്മീഷനെയും മീഡിയാ സെന്ററുകളെയും പൊതുജനങ്ങളെയും അറിയിക്കുന്നതുമായി ബന്ധപ്പെട്ട TREND സോഫ്റ്റ് വെയറിലേയ്ക്ക് സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ട് വിവരം അപ് ലോഡ് ചെയ്യുന്നതിനായി കൗണ്ടിംഗ് സെന്ററിൽ ബ്ലോക്ക് വരണാധികാരിയുടെ ഹാളിന് സമീപവും, നഗരസഭകളിലെ കൗണ്ടിംഗ് സെന്ററുകളിലും ഡേറ്റാ അപ് ലോഡിംഗ് സെന്ററിന് വേണ്ടി പ്രത്യേക മുറി സജ്ജമാക്കണം.

5) കൗണ്ടിംഗ് സെന്ററുകളിലെ ഡേറ്റാ അപ് ലോഡിംഗ് സെന്ററുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കമ്മീഷൻ 30/11/2020 ലെ ബി6-39847/2020/സംതിക നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

6) പ്രസ്തുത ഡേറ്റാ അപ് ലോഡിംഗ് സെന്ററിന്റെ മേൽനോട്ടം വഹിക്കുന്നതിന് സൂപ്രണ്ട് തസ്തികയിലുള്ള ഒരു ഓഫീസറെയും, ടെക്നിക്കൽ സപ്പോർട്ടിനായി ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്ന് ബ്ലോക്ക് ഓഫീസിലോ മുനിസിപ്പൽ ഓഫീസിലോ നിയമിച്ചിട്ടുള്ള ഒരു കമ്പ്യൂട്ടർ വിദഗ്ധനെയും നിയോഗിക്കേണ്ടതാണ്. കൂടാതെ, ബ്ലോക്ക് പഞ്ചായത്തിലെ സെന്ററിലേക്ക് ബ്ലോക്ക് പ്രദേശത്തുള്ള ഗ്രാമ പഞ്ചായത്തുകളിലെ 5-ൽ കുറയാത്ത ടെക്നിക്കൽ അസിസ്റ്റന്റ്മാരെ ഡേറ്റാ എൻട്രിക്ക് ചുമതലപ്പെടുത്തേണ്ടതാണ്. മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിലെ ഡാറ്റാ സെന്ററുകളിൽ ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നുള്ള രണ്ടോ അതിലധികമോ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇതിലേയ്ക്ക് നിയോഗിക്കേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് തലത്തിലേയ്ക്കും ഓരോ കമ്പ്യൂട്ടർ വീതം സജ്ജമാക്കുകയും മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇതിലേയ്ക്ക് ഡാറ്റാ എൻട്രി വരുത്തുന്നതിന് നിയോഗിക്കേണ്ടതുമാണ്. ബാക്കി കമ്പ്യൂട്ടറുകൾ സ്റ്റാൻഡ് ബൈ ആയും ഓപ്പറേറ്റർമാരെ പകരക്കാരായും വിന്യസിക്കണം.

8) ബ്ലോക്ക്തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് ഒരു ഹാളും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക പ്രത്യേകം കൗണ്ടിംഗ് ഹാളുകളും/ മുറികളും കഴിയുന്നതും സജ്ജീകരിക്കേണ്ടതാണ്.

9) മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് ഓരോ വരണാധികാരിക്കും പ്രത്യേകം പ്രത്യേകം കൗണ്ടിംഗ് ഹാൾ സജ്ജമാക്കണം.

10) ഓരോ ഗ്രാമപഞ്ചായത്തിന്റെയും കൗണ്ടിംഗ് ഹാളിൽ വരണാധികാരിക്കുള്ള വേദിക്ക് സമീപം വോട്ടെണ്ണൽ, ടാബുലേഷൻ, പാക്കിംഗ്, എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം മേശകളും സജ്ജീകരിക്കേണ്ടതാണ്.

11) പരാമാവധി 8 പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടിംഗ് ടേബിൾ എന്ന രീതിയിൽ വേണം കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കേണ്ടത്. ഇത്തരത്തിൽ ഓരോ സ്ഥാപനത്തിന്റെയും ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിന് ആനുപാതികമായി കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കേണ്ടതാണ്. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലെയും വോട്ടെണ്ണൽ ഒരു ടേബിളിൽ തന്നെ ക്രമീകരിക്കേണ്ടതാണ്.

12) പോസ്റ്റൽ വോട്ടുകൾ വേണം ആദ്യം എണ്ണേണ്ടത്. ഗ്രാമപഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പോസ്റ്റൽ വോട്ടുകൾ അതാത് വരണാധികാരികൾ മാത്രമാണ് എണ്ണേണ്ടത്.

13) കൗണ്ടിംഗ് ഹാളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടെണ്ണൽ മേശകളുടെ എണ്ണം കണക്കാക്കി വേണം കൺട്രോൾ യുണിറ്റുകൾ സ്ട്രോങ്റൂമിൽ നിന്നും ഏറ്റ് വാങ്ങി വോട്ടെണ്ണൽ നടത്തേണ്ടത്.

14) വോട്ടെണ്ണൽ ആരംഭിക്കേണ്ടത് 1 –ാം വാർഡ് മുതൽ എന്ന ക്രമത്തിൽ വേണം. ഒരു വാർഡിൽ ഒന്നിലധികം ബൂത്തുകളുണ്ടെങ്കിൽ അവ ഒരു ടേബിളിൽ വേണം എണ്ണേണ്ടത്.

15) ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാർ എന്ന ക്രമത്തിൽ സ്റ്റാഫിനെ നിയമിക്കേണ്ടതാണ്. എന്നാൽ നഗരസഭകളിൽ ഒരു കൗണ്ടിംഗ് സുപ്പർവൈസറെയും ഒരു കൗണ്ടിംഗ് അസിസ്റ്റന്റിനെയുമാണ് നിയമിക്കേണ്ടത്.

16) കൂടാതെ, ടാബുലേഷൻ , പായ്ക്കിംഗ് എന്നിവയക്കും പ്രത്യേക സ്റ്റാഫിനെ നിയമിക്കണം.

17) ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ട് നിലവാരം രേഖപ്പെടുത്തുന്നതിന് TREND സൈറ്റിൽ നിന്ന് കൗണ്ടിംഗ് സ്ലിപ്പ് മുൻകൂറായി ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുക്കണം. വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഫാറം 24 എ-ൽ വോട്ടെണ്ണലിന്റെ ഫലം രേഖപ്പെടുത്തണം. അതോടൊപ്പം TREND - ൽ നിന്ന് ലഭിക്കുന്ന കൗണ്ടിംഗ് സ്ലിപ്പ് പൂരിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. തുടർന്ന് കൗണ്ടിംഗ് സ്ലിപ്പ് ഇതിലേയ്ക്ക് നിയോഗിച്ച് ജീവനക്കാരൻ മുഖേന ഡേറ്റാ അപ് ലോഡിംഗ് സെന്ററിൽ ലഭ്യമാക്കണം. ഗ്രാമപഞ്ചായത്ത് വരണാധികാരി ഓരോ വാർഡിലെയും കൗണ്ടിംഗ് പൂർത്തിയായാലുടൻ തന്നെ 24 എ ഫാറത്തിൽ ഒപ്പ് രേഖപ്പെടുത്തി ഫാറം 25 – ലെ റിസൾട്ട് ഷീറ്റ് തയ്യാറാക്കണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ 24 എ ഫാറങ്ങൾ ഉടൻതന്നെ ബ്ലോക്ക് വരണാധികാരിക്ക് ലഭ്യമാക്കുകയും വേണം. (ഫാറം 25, 25എ, 26, 27 എന്നിവ സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.)